**മാർക്സിയൻ വിധിനിർണയവാദത്തിൽനിന്നും സോഷ്യൽ ഡാർവിനിസ്റ്റുകളുടെ സാമൂഹികപരിണാമമെന്ന അപ്രമാദിത്വത്തിൽനിന്നും വ്യത്യസ്തമാണ് മനുഷ്യചരിത്രം എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്**

# ഖുർആന്റെ ചരിത്രദർശനം

**കലീം**

ഒരതീതസാന്നിധ്യം പോലെ ചരിത്രം മനുഷ്യനെ മോഹിപ്പിക്കുകയും ദുഃഖിപ്പിക്കുകയും ചെയ്യുന്നു. ചരിത്രം പോലെ സങ്കീർണമോ ഭാഗികമോ ആണ് ചരിത്രത്തിന് നൽകുന്ന നിർവചനങ്ങളും വ്യാഖ്യാനങ്ങളും. ആദിമനുഷ്യൻ സ്ഥാപിച്ച സമൂഹം വെറുതെ ഒരു ജൈവരൂപം പോലെ ജനിമൃതികളുടെ തുടർച്ച മാത്രമാണോ? മാർക്സിയൻ സൈദ്ധാന്തികന്മാർ ശഠിച്ചുപറയുന്ന രീതിയിൽ ചരിത്രം നിർണിതനിയമങ്ങളുള്ള സാമൂഹികബലതന്ത്രത്തിന്റെ അപ്രതിരോധ്യമായ മുന്നേറ്റമാണോ? അതായത്, സാമ്പത്തികശക്തികളുടെ കൈയാൽ നൃത്തം ചെയ്യുന്ന ഒരു പാവയാണോ മനുഷ്യൻ? ഇനി ചില വിധിവിശ്വാസികൾ ആണയിടുന്നമട്ടിൽ നേരത്തേ ചാവികൊടുത്തിരിക്കുന്ന ഘടികാരയന്ത്രത്തിന്റെ കൃത്യമായ ചലനമാണോ ചരിത്രം? ചരിത്രത്തിന്റെ ഖുർആനിക ദർശനം എന്തെന്നന്വേഷിക്കുമ്പോൾ ആരും അഭിമുഖീകരിക്കുന്ന ചോദ്യങ്ങളാണിവ.

യൂറോപ്യൻചരിത്രവിജ്ഞാനത്തിന്റെ പിതാവായി ആദരിക്കപ്പെടുന്ന യവനനായ ഹെറഡോട്ടസ് നുണകളുടെ പിതാവായും അറിയപ്പെടുന്നുണ്ട്. വെറുതെ ദിനവൃത്താന്തം രേഖപ്പെടുത്തുന്നതല്ല ചരിത്രം. യവനഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടങ്ങൾ നിരീക്ഷണമോ അലങ്കാരമോ കൂടാതെ ഹെറഡോട്ടസ് രേഖപ്പെടുത്തിവച്ചാൽ ആർക്കാണതിൽ കൗതുകം തോന്നുക? അപഗ്രഥനങ്ങളും അതിശയോക്തികളുമാണ് വിരസമായ കാലാനുക്രമണികയിൽനിന്ന് ചരിത്രരചനയെ വേർതിരിച്ചു നിർത്തുന്നത്. ഒരു ചരിത്രകാരന്റെ ത്യാജ്യഗ്രാഹ്യബുദ്ധി ചരിത്രരചനയിൽ നിർണായക പങ്കുവഹിക്കുന്നു. പിൽക്കാലസമൂഹത്തിന്റെ ഗതി നിശ്ചയിക്കുന്ന സംഭവങ്ങളാണ് ചരിത്രമായി മാറേണ്ടത്. എന്നാൽ, എപ്പോഴും ഇതങ്ങനെ സംഭവിച്ചുകൊള്ളണമെന്നില്ല. സ്വീകാരത്തിന്റെയും തിരസ്കാരത്തിന്റെയും മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് അധികാരമോ മേൽക്കോയ്മയോ ആയിരിക്കും. ബൗദ്ധരുടെ കാലഘട്ടം ഇന്ത്യാചരിത്രത്തിൽനിന്നും അമരിന്ത്യക്കാരുടെ സംസ്കാരങ്ങൾ അമേരിക്കൻചരിത്രത്തിൽനിന്നും നിഷ്കാസിതമായത് ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

മാർഗദർശനഗ്രന്ഥമെന്ന നിലയിൽ ചരിത്രാഖ്യാനത്തിന്റെ ആദിമധ്യാന്തരൂപങ്ങൾ ഖുർആനിൽ അന്വേഷിക്കുന്നതിൽ അർഥമില്ല. ഖുർആൻ സാധാരണ വായനക്കാരെ തൃപ്തരാക്കുകയും ഗവേഷകരെ പ്രകോപിപ്പിക്കുകയും ചെയ്യുന്ന ചില സൂചനകൾ നൽകുകയാണ് ചെയ്യുന്നത്. ചരിത്രം മനുഷ്യരാശിയുടെ ഓർമയാണ്. ഓർമയുടെ രാജപാതകളിലൂടെയും ഇടവഴികളിലൂടെയും സഞ്ചരിക്കാൻ ഖുർആൻ കൽപിക്കുന്നു. ആ സഞ്ചാരം കാലചംക്രമണത്താൽ മനുഷ്യനു പകരുന്ന മാറ്റങ്ങളെപ്പറ്റിയുള്ള പഠനമാണ്.

'ഈ ജനമൊരിക്കലും ഭൂമിയിൽ സഞ്ചരിക്കുകയും തങ്ങൾക്കു മുമ്പ് കഴിഞ്ഞുപോയവരുടെ പര്യവസാനം എന്തായിരുന്നുവെന്ന് കാണുകയും ചെയ്തിട്ടില്ലെന്നോ?' (30:9) എന്ന് ഖുർആൻ ചോദിക്കുന്നു. മുമ്പു കഴിഞ്ഞുപോയവരുടെ ഉത്ഥാനപതനങ്ങൾ പഠിക്കുന്നതു തന്നെയാണ് ചരിത്രം. അവരുടെ കുതിപ്പിനും കിതപ്പിനും കാരണങ്ങൾ അവർ തന്നെയാണ്. അതേ സൂക്തത്തിൽതന്നെ, ജനപദങ്ങൾ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി വന്ന പ്രവാചകന്മാരെ തിരസ്കരിച്ചുകൊണ്ട് സ്വയം ദ്രോഹിക്കുകയാണ് ചെയ്തതെന്ന് അല്ലാഹു പറയുന്നു.

സുപ്രധാനമായ ഒരു ചരിത്രസത്യം ഈ സൂക്തത്തിലും പതിവായി ഉദ്ധരിക്കപ്പെടുന്ന മറ്റൊരു സൂക്തത്തിലും തെളിഞ്ഞുനിൽക്കുന്നുണ്ട്. മനുഷ്യരുടെ അവസ്ഥയെ അവർ സ്വയം മാറാത്ത കാലത്തോളം അല്ലാഹു മാറ്റുകയില്ല (13:11). മാർക്സിയൻ വിധിനിർണയവാദത്തിൽനിന്നും സോഷ്യൽ ഡാർവിനിസ്റ്റുകളുടെ സാമൂഹികപരിണാമമെന്ന അപ്രമാദിത്വത്തിൽനിന്നും വ്യത്യസ്തമാണ് മനുഷ്യചരിത്രം എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. മതവിശ്വാസികളുടെ നിശ്ചേതനത്വത്തിന് ഹേതുവായി ഭൗതികവാദികൾ ആരോപിക്കുന്ന വിധിയുടെ ജാഡ്യത്തിൽനിന്ന് മനുഷ്യനെ മുക്തനാക്കുന്ന പാഠനമാണിത്. മനുഷ്യവൃത്തിയാണ് ചരിത്രത്തെ നയിക്കുന്നത്. സാമൂഹികനിയമങ്ങൾ മനുഷ്യകർമത്തിന്റെ

വ്യാപ്തി നിശ്ചയിക്കുമ്പോൾ പോലും അവന്റെ അവസ്ഥയുടെ നൈരന്തര്യത്തിന്റെ സാധാരണത്വത്തിൽനിന്ന് മനുഷ്യനെ രക്ഷിക്കുന്നത് ഈ സ്വാതന്ത്ര്യബോധമാണ്. ഒരു ജൈവാസ്തിത്വം എന്ന നിലയിലുള്ള പരിമിതികളേ അവന്നുള്ളൂ. ഒരു മുസ്ലിം ദൈവേഛയ്ക്കു വഴങ്ങുമ്പോഴും അവന്റെ മാർഗദർശനം സ്വീകരിക്കുമ്പോഴും സ്വന്തം സ്വാതന്ത്ര്യത്തെ ബലികഴിക്കേണ്ടതില്ല.

ചരിത്രാപഗ്രഥനത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായി ഖുർആൻ മനുഷ്യാസ്തിത്വത്തിന്റെ ദാർശനികപാഠങ്ങളാണ് മുമ്പിൽവയ്ക്കുന്നത്. ചരിത്രം നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനമാണെന്ന് സൂചിപ്പിക്കുന്ന ഖുർആൻ നാഗരികതകളുടെ രൂപീകരണത്തിൽ നന്മയുടെ സംസ്ഥാപനം അടിസ്ഥാനപരമാണെന്ന് വിശദീകരിക്കുന്നു. അല്ലാഹുവിന്റെ ചര്യ അനുസരിക്കുന്നതാണ് നന്മ. നാഗരികതകളുടെ ചൈതന്യം നീതിയിലാണ് കുടികൊള്ളുന്നത്. നീതി കെട്ടടങ്ങുമ്പോൾ നാഗരികതകൾ ജീർണിക്കുകയും താഴോട്ടുള്ള യാത്ര ആരംഭിക്കുകയും ചെയ്യുന്നു. അക്രമത്തിലോ ഹിംസയിലോ കെട്ടിയുയർത്തിയ നാഗരികതകളുടെ നിലനിൽപ്പ് ക്ഷണികമാണ്. ഓസ്കാർ വൈൽഡ് അമേരിക്കയെ പറ്റി പറഞ്ഞ പോലെ കാടത്തത്തിൽനിന്ന് നേരെ ജീർണതയിലേക്കാണവ വളരുക.



ഒരു ജനത സ്വയം മാറാതെ അല്ലാഹു അവരുടെ അവസ്ഥ മാറ്റുകയില്ല എന്ന ഖുർആൻസൂക്തം മുൻനിർണിതമായ ബലതന്ത്രങ്ങൾ മാത്രമാണ് ചരിത്രത്തിനുള്ളതെന്ന സങ്കൽപത്തെ തിരസ്കരിക്കുന്നു. അവസ്ഥ മെച്ചപ്പെടുത്തുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്നത് ജനങ്ങൾ തന്നെയാണ്. പരാവർത്തനത്തിനുള്ള പ്രചോദനം, സാമൂഹികമായ ബലം ഓരോ ജനതയ്ക്കും ലഭിക്കുന്നത് നീതിയുടെ സംസ്ഥാപനത്തിൽനിന്നാണ്. വ്യക്തിക്ക് ചരിത്രത്തിന്റെ ഗതി നിയന്ത്രിക്കാൻ കഴിയും; ആ നിയന്ത്രണത്തിന് പരിമിതികളുണ്ടെങ്കിലും. വ്യക്തികളുടെ ഗുണപരമോ വിനാശകരമോ ആയ ഇടപെടലുകളില്ലാത്ത ചരിത്രമില്ല. ചരിത്രം പലപ്പോഴും രാജാക്കന്മാരുടെയോ യുദ്ധവീരന്മാരുടെയോ പടയോട്ടങ്ങൾ മാത്രമായി ചുരുങ്ങിപ്പോവുന്നത് ഇതുകൊണ്ടാണെന്നു പറയാം. അവരോ അവരുടെ സ്തുതിപാഠകരോ ആണ് അവരുടെ വർത്തമാനത്തെ ചരിത്രമാക്കുന്നത് എന്നത് ശരിയാണ്. എന്നാൽ, ബുദ്ധനോ യേശുവോ മുഹമ്മദോ അല്ലെങ്കിൽ നെപ്പോളിയനോ ഹിറ്റ്ലറോ ഗാന്ധിയോ ഇല്ലാത്ത ചരിത്രം ചരിത്രമല്ല.

അതോടൊപ്പം ചരിത്രത്തിലില്ലാത്തവരുടെ ചെറുതും വലുതുമായ ഇടപെടലുകളും നിസ്സാരമല്ല. പൊതുവിൽ നാഗരികതകളുടെ വളർച്ച പഠിക്കുമ്പോൾ അങ്ങാടികളിലും ചന്തകളിലും സ്നാനഗൃഹങ്ങളിലും പട്ടാളപ്പാളയങ്ങളിലും വഴിയമ്പലങ്ങളിലും വിലപേശുകയും പരദൂഷണം നടത്തുകയും പാട്ടുപാടുകയും ചെയ്യുന്ന ചെറിയ മനുഷ്യരാണ് ജനപദങ്ങളുടെ വ്യവഹാരരീതികൾ രൂപപ്പെടുത്തുന്നതെന്ന് കാണാം. ഖുർആൻ ഭൂമിയിൽ പരക്കാനും ജനതകൾ അപ്രത്യക്ഷരായതെങ്ങനെയെന്നന്വേഷിക്കാനും കൽപിക്കുമ്പോൾ അവരെങ്ങനെ ജീവിച്ചുമരിച്ചുവെന്നുള്ള ഒരന്വേഷണം മാത്രമല്ല ഉദ്ദേശിക്കുന്നത്. അനുസ്യൂതിയും വിഛേദവുമുള്ള ഒരു ചലനമാണതിൽ കാണേണ്ടത്. നാഗരികതകളുടെ ഉത്ഭവം ഒരേസമയം ചരിത്രത്തിന്റെ തുടർച്ചയിലും ഇടർച്ചയിലുമുണ്ട്. ഒരു മഹദ്ജനനം, ഒരു മഹായാത്ര, ഒരു മഹാസംഭവം അന്നേവരെയുള്ള ചരിത്രത്തെ മേൽകീഴാക്കുന്നു. ഈ സംഭവപരമ്പരയിൽ ഹിജ്റക്കുള്ള പ്രാധാന്യം പരിശോധിക്കുമ്പോൾ ഇസ്ലാമികചരിത്രദർശനത്തിന്റെ ചില അടിസ്ഥാനപ്രമാണങ്ങൾ അനാവരണം ചെയ്യുന്നതായി കാണാം. രാഷ്ട്രങ്ങളുടെ ഉയർച്ചയുമായി ബന്ധപ്പെട്ടതാണവ. പ്രവാചകന്മാരുടെ യാത്രകൾ പൊതുവിൽ നവീനമായ നാഗരികതയ്ക്ക് നിമിത്തമാവുന്നു. മൂസ മിസ്വ്റിൽനിന്ന് കാനാനിലേക്കും ഇബ്റാഹീം ഇറാഖിൽനിന്ന് മക്കയിലേക്കും യാത്രചെയ്യുന്നു. യാത്രകൾ പ്രധാനമാണ്.

കാലഗണനയുമായി മുസ്ലിംകൾ ഹിജ്റയെ ബന്ധപ്പെടുത്തുന്നു. മറ്റു പല സംസ്കാരങ്ങളും നാഗരികതകളും വ്യക്തികളുടെ ജനനമരണങ്ങൾ ചരിത്രത്തിന്റെ വഴിയടയാളങ്ങളായി കണക്കാക്കുമ്പോൾ മുസ്ലിംകൾ മുഹമ്മദീയപ്രവാചകന്റെ ജനനമോ മരണമോ ഈ വിഷയത്താൽ പരിഗണിക്കുന്നില്ല. ഹിജ്റ മനുഷ്യദൗത്യത്തെക്കുറിച്ച് നമ്മെ പലതും പഠിപ്പിക്കുന്നതുകൊണ്ടാണിത്. പലായനം ഒരു വിഛേദമാണ്. എന്നാൽ അത് ഒരു തുടർച്ചയുമാണ്. മാനവചരിത്രത്തിന്റെ എല്ലാ നന്മകളുമായാണ് പ്രവാചകൻ മദീനയിലേക്ക് പോകുന്നത്. കൂടുതൽ പുഷ്കലമായ ഒരു പരിസരം തേടിയാണാ യാത്ര. യസ്രിബിന് പകരം മദീനയാണ് നബിതിരുമേനി കെട്ടിപ്പടുക്കുന്നത്. മദീന നാഗരികതയാണ്. സത്യനിഷേധത്തിന്റെ നിഴൽപ്പാടുകളില്ലാത്ത നാഗരികത. ഗോത്രങ്ങളുടെ കർക്കശവും സങ്കുചിതവുമായ അതിർത്തിരേഖകൾ ലംഘിച്ചുകൊണ്ടാണ് മദീന വളരുന്നത്. വംശം, രക്തം, ദുരഭിമാനസൂചകമായ ഗോത്രനാട്യങ്ങൾ എന്നിവ നോക്കാതെ ആർക്കും നേർക്കുനേരെ ആശ്ലേഷിക്കാവുന്ന, ഭാഗഭാക്കാവുന്ന തുറന്നിട്ട സമൂഹം. പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ പണിതുയർത്ത നാഗരികത. മദീനയിലെത്തുമ്പോൾ ഒരാൾക്ക് പുതിയ സ്വത്വബോധമുണ്ടാകുന്നു. ചൈനയിലും അഷാന്തിയിലും ജാവയിലും കാഷ്ഗറിലും ജീവിക്കുന്നവന് പങ്കുവയ്ക്കാവുന്ന സ്വത്വബോധമാണത്. എന്നാൽ, ഓരോ വ്യക്തിക്കും തന്റെ സ്വകാര്യതലത്തിൽ ഒരു ഉപ സ്വത്വബോധമുണ്ടാകുന്നതിന് മദീന എതിർനിൽക്കുന്നില്ല. ആത്യന്തികമായി ദൈവത്തിനെ വണങ്ങുമ്പോൾതന്നെ ഒരാൾക്ക് മലയാളിയാവാം, മലായിയാവാം, ഡച്ചുകാരനാവാം, എസ്കിമോയാവാം.

മുആവിയ സിംഹാസനമേറുന്നതോടെ പ്രവാചകന്റെയീ യാത്രയ്ക്ക് ഭംഗം വരുന്നു. ഒരു നാഗരികത അതിന്റെ ആന്തരികനീതിയിൽനിന്നും നന്മയിൽനിന്നും കുറേശ്ശെയായി വേർപ്പെടുന്നതിന്റെ സൂചനയാണിത്.

പിൽക്കാലത്ത് മുസ്ലിംചരിത്രകാരന്മാർ ഈ ഖുർആനികസ

ങ്കൽപം വികസിപ്പിച്ചെടുത്തതായി കാണാം.ലോകത്തിൽ ഏറ്റവും ആദരിക്കപ്പെടുന്ന ചരിത്രകാരന്മാരിലൊരാളായ ഇബ്നുഖൽദൂൻ *മുഖദ്ദിമ*യിൽ വിശദീകരിച്ച ചരിത്രത്തിന്റെ ചാക്രികതയിൽ ഒരു ജനതയ്ക്ക് ആവേശം നൽകുന്ന ശക്തികളെന്താണെന്നും അപഗ്രഥിക്കുന്നു. ചെന്നായ്ക്കളെപ്പോലുള്ള കുതിച്ചോടുന്ന ജനത പിന്നീട് ആട്ടിൻപറ്റങ്ങളെപ്പോലെ അനുസരണശീലമുള്ളവരും സമരോത്സുകത നഷ്ടപ്പെട്ടവരുമാവുന്നു. ചുറ്റുപാടുകളെ മാറ്റിമറിക്കാൻ സന്നദ്ധരല്ലാത്തവിധം അലസരാണവർ. സ്ത്രീകളും കുഞ്ഞുങ്ങളും പീഡിപ്പിക്കപ്പെടുമ്പോൾ കണ്ടില്ലെന്ന് നടിക്കുന്നവർ. അവരെ വിഴുങ്ങാൻ മറ്റു ചെന്നായ്ക്കൂട്ടങ്ങൾ കാത്തിരിപ്പുണ്ട്. വിജയപരാജയത്തിന്റെ നാളുകൾ അല്ലാഹു ആളുകൾക്കിടയിൽ മാറ്റിക്കൊണ്ടിരിക്കും (3:140). രക്തസാക്ഷികളെ സൃഷ്ടിക്കാനും സത്യവിശ്വാസികളെ ശുദ്ധീകരിക്കാനും അക്രമികളെ നിഷ്കാസനം ചെയ്യാനുമുള്ള ഒരു ദോലനമാണത്.

**ചരിത്രം മനുഷ്യരാശിയുടെ ഓർമയാണ്. ഓർമയുടെ രാജപാതകളിലൂടെയും ഇടവഴികളിലൂടെയും സഞ്ചരിക്കാൻ ഖുർആൻ കൽപിക്കുന്നു**

ഒരു ചെറിയ രാജവംശത്തിന്റെ വളർച്ചയും തളർച്ചയും അപഗ്രഥിക്കുന്ന ഇബ്നുഖൽദൂൻ ജനതകളെ ബാധിക്കുന്ന ജാഡ്യം മാനസികവും ശാരീരികവുമാണ് എന്ന് പറയുന്നു. സ്പെയിനിലെ ഗ്രാനഡയിൽനിന്ന് യുദ്ധത്തിൽ തോറ്റ് മൊറോക്കോയിലേക്ക് പലായനം ചെയ്യുമ്പോൾ സുൽത്താൻ മുഹമ്മദിനെ അടർക്കളത്തിൽ ആണുങ്ങളെപ്പോലെ പോരാടാതെ പെണ്ണുങ്ങളെപ്പോലെ കരയുന്നതിന് മാതാവ് ശാസിക്കുന്നു. ശാരീരികവും മാനസികവുമായ ജാഡ്യമാണ് ഗ്രാനഡ ഉപേക്ഷിക്കാൻ മുസ്‌ലിംകളെ നിർബന്ധിതരാക്കുന്നത്.

മഗ്‌രിബ് പ്രദേശത്തുനിന്നു തന്നെ വന്ന ചിന്തകനായ മാലികുബ്നിനബി ഇബ്നുഖൽദൂന്റെ ആശയം ഒന്നുകൂടി വികസിപ്പിക്കുന്നു. ചരിത്രത്തിലെ അനുസ്യൂതിയും വിച്ഛേദവുമാണ് ബിന്നബിയുടെയും പഠനവിഷയം. ഭൗതികതയും ആത്മീയതയും തമ്മിലുള്ള സമതുലനമാണ് നാഗരികതകളെ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നത്. ഹിജ്റ 37-ൽ നടന്ന സിഫ്ഫീൻ യുദ്ധം ബിന്നബിയെ സംബന്ധിച്ച് വിനാശകരവും സമതുലനം തകർക്കുന്നതുമായ വിച്ഛേദമാണ്. രണ്ടു ഘടകങ്ങൾ തമ്മിലുള്ള ജൈവപരമായ സംശ്ലേഷണം അത് തകർക്കുന്നു. ശാസ്ത്ര-വൈജ്ഞാനികമേഖലയിൽ വിസ്മയകരമായ സംഭാവനകൾ അർപ്പിച്ചിട്ടുപോലും അമവീകാലഘട്ടം അക്കാരണം കൊണ്ടുതന്നെ സ്വയം തകർച്ചയ്ക്കുള്ള ഘടകങ്ങൾ ആന്തരികവത്കരിച്ചു എന്നാണ് ബിന്നബി സിദ്ധാന്തിക്കുന്നത്. എന്നാൽ, ഇത്തരം പ്രതിസന്ധികളെ നേരിടുന്നതിന് മുസ്‌ലിംലോകത്തിന് സ്വകീയമായ വഴികളുണ്ട്. ഉഖ്ബയും ഉമറുബ്നു അബ്ദിൽഅസീസും ഇമാം മാലികും ഇസ്‌ലാമിന്റെ പ്രഥമ ദശാബ്ദങ്ങളിലെ ആത്മീയ-ഭൗതികസമതുലനം വീണ്ടെടുക്കാൻ ശ്രമിച്ചവരാണ്. ഉത്തരാഫ്രിക്കയിലേക്ക് സൈന്യത്തെ നയിക്കുമ്പോൾ ഉഖ്ബ കുതിരപ്പുറത്ത് കയറി 'അല്ലാഹുവേ, എന്റെ ആത്മാവിനെ ശുദ്ധിയാക്കൂ' എന്ന് പ്രാർഥിച്ചു. വംശാധിപത്യാടിസ്ഥാനത്തിൽ ലഭിച്ച സിംഹാസനമുപേക്ഷിക്കാൻ ഉമറുബ്നു അബ്ദിൽഅസീസ് തയാറായി. പരസ്യമായി, മർദകനായ ഭരണാധികാരിയുടെ ചാട്ടവാറേൽക്കാൻ ഇമാം മാലികിന് മടിയുണ്ടായില്ല. ഖുർആന്റെ പുനരാവിഷ്കാരമായ ഈ മൂന്നു നടപടികളും മടിച്ചുനിൽക്കുന്ന ചരിത്രത്തെ മുന്നോട്ടുതള്ളുന്നു. രക്തസാക്ഷികളും അതേ ജോലിയാണ് നിർവഹിക്കുന്നത്.

മനുഷ്യനും മണ്ണും കാലവുമാണ് ചരിത്രത്തിന്റെയും നാഗരികതയുടെയും അടിസ്ഥാനമെന്ന് ബിന്നബി വാദിക്കുന്നു. ചരിത്രം നിശ്ചലമാവുന്നത് അവ തമ്മിലുള്ള ജൈവികപാരസ്പര്യം തകർക്കപ്പെടുമ്പോഴാണ്. മനുഷ്യൻ എന്ന ജൈവാസ്തിത്വത്തെ സാമൂഹികാസ്തിത്വമാക്കിമാറ്റുന്നതിന് മതം വേണം. സാമൂഹികമനസ്സാക്ഷിയായിട്ടാണ് മതം പ്രവർത്തിക്കുന്നത്. മതം വ്യക്തിപരമായ ഒരാത്മീയതൃഷ്ണയായി മാറുന്നതോടെ നാഗരികതയുടെ തകർച്ചയായി. ഈ മാറ്റം ചിലപ്പോൾ പൊടുന്നനെയാവാം. സിഫ്ഫീൻ യുദ്ധം പൊടുന്നനെയുള്ള മാറ്റത്തിനുദാഹരിക്കാം. ഉസ്മാനികളുടെ തിരോധാനം സമയമെടുത്തുകൊണ്ടുള്ള മാറ്റത്തിന്റെ ദൃഷ്ടാന്തമാവാം.

നിഷേധാത്മകമായ വിച്ഛേദം മനുഷ്യരെ അടിമകളാക്കാൻ പാകപ്പെടുത്തുന്നു. രാഷ്ട്രീയവും ബൗദ്ധികവുമായ അടിമത്തം എപ്പോഴും ബാഹ്യശക്തികളുടെ സമ്മർദം മൂലമായിക്കൊള്ളണമെന്നില്ല. സമ്മർദങ്ങൾ എപ്പോഴുമുണ്ടാവും. കുരിശുപോരാളികളെ ഒന്നാം കുരിശുയുദ്ധത്തിൽതന്നെ ജറൂസലം പിടിച്ചെടുക്കാൻ മുസ്‌ലിംകളുടെ ആന്തരികവൈരുധ്യങ്ങൾ സഹായിക്കുന്നുണ്ട്. ചലനശേഷി നശിക്കുമ്പോഴാണ് ഒരു ജനത അടിമകളാവുക. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം പരാജയപ്പെടാനുള്ള കാരണം ഇന്ത്യൻസമൂഹത്തിന്റെ ഭൗതികവും ധാർമികവുമായ ജീർണതയാണെന്ന് കണ്ടറിഞ്ഞിട്ടാണ് ജമാലുദ്ദീൻ അഫ്ഗാനി മുസ്‌ലിംനാടുകളിലേക്ക് യാത്രതിരിക്കുന്നത്.

അടിമയും ഉടമയുമാവുന്ന ഈ ചരിത്രപ്രക്രിയയ്ക്ക് നിഷേധിക്കാനാവാത്ത നൈരന്തര്യമുണ്ട്. അതിലെ ആന്ദോളനങ്ങൾ നിരീക്ഷിക്കുകയും അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യാനാണ് ഖുർആൻ ഉപദേശിക്കുന്നത്. നിസ്സംഗനായി കളി കണ്ടിരിക്കാനല്ല മനുഷ്യൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അവനെപ്പോഴും ഇടപെടുകയാണ്. ■